പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 256 — 10.03.2017 ൽ മറുപടിയ്ക്ക്

## കലോൽസവ വിധിനിർണ്ണയം നിരീക്ഷിക്കുന്നതിന് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, പി.കെ.അബ്ദു റബ്ബ്<br>,, ടി. വി. ഇബ്രാഹിം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്കൂൾ കലോൽസവ വിധിനിർണ്ണയം നിരീക്ഷിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ ഉദ്ദേശ്യമെന്തായിരുന്നു; | (എ) | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പല കോണുകളിൽ നിന്നും ഉയർന്ന അഴിമതി ആരോപണത്തെ തുടർന്ന് കലോത്സവം തുടങ്ങുന്നതിന് മുമ്പ് തന്നെ വിധികർത്താക്കളുടെ പാനൽ തിരുവനന്തപുരം വിജിലൻസ് ഡയറക്ടർക്ക് നൽകിയിരുന്നു. |
| (ബി) | കലോൽസവ വേദികളിൽ വിജിലൻസ് എന്തെങ്കിലും നിരീക്ഷണം നടത്തിയിരുന്നോ; കലാമത്സര വിധി നിർണ്ണയത്തിലെ പാകപ്പിഴ കണ്ടെത്താൻ വിജിലൻസിന് എന്തെങ്കിലും സാങ്കേതിക/വിദഗ്ധ സഹായം ലഭിച്ചിരുന്നോ; | (ബി) | 57-ാം സംസ്ഥാന കലോത്സവത്തിൽ വിജിലൻസ് നിരീക്ഷണം നടത്തിയിരുന്നു. കുച്ചുപ്പുടി മത്സരത്തിന്റെ വിധികർത്താക്കൾക്കെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിധികർത്താക്കൾക്കെതിരെ കേരള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ |

| | | | |
|---|---|---|---|
| | | | എന്തെങ്കിലും സാങ്കേതിക/വിദഗ്ധ സഹായം ലഭിച്ചിരുന്നോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| (സി) | വിധി നിർണ്ണയത്തിലെ വിജിലൻസ് നിരീക്ഷണം വിധികർത്താക്കളെ ഏതൊക്കെതരത്തിൽ ബാധിച്ചു എന്നും വിധിനിർണ്ണയത്തെ ഏതൊക്കെ വിധത്തിൽ കുറ്റമറ്റതാക്കി എന്നും വ്യക്തമാക്കുമോ? | (സി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിധികർത്താക്കളെ കൂടുതൽ ഉത്തരവാദിത്തത്തോടെയും കാര്യ ക്ഷമതയോടെയും വിധിനിർണ്ണയം നടത്തുന്നതിന് പ്രേരകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ